2025 SEPTEMBER
27
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി ടെൻഡർ നടപടി പൂർത്തിയായി

**തിരുവനന്തപുരം:** കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിയുടെ ആദ്യ നോഡായ പാലക്കാട് സ്മാർട് സിറ്റിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള ടെൻഡർ നടപടി കേരളം പൂർത്തിയാക്കി. ദിലീപ് ബിൽഡ്കോൺ ലിമിറ്റഡും (ഡിബിഎൽ) പിഎസ്പി പ്രോജക്ട്സ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിനാണ് നിർമാണക്കരാർ. കഴിഞ്ഞ വർഷം രാജ്യത്ത് ആകെ അനുവദിക്കപ്പെട്ട 12 വ്യവസായ ഇടനാഴി സ്മാർട്ട് സിറ്റി പദ്ധതികളിൽ അടിസ്ഥാനസൗകര്യ വികസന നടപടി പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി ഇതോടെ കേരളം മാറി. ജിഎസ്ടി ഉൾപ്പെടെ 1316.13 കോടി രൂപയ്ക്കാണു കരാർ ഒപ്പിട്ടത്.



നിർമാണപ്രവർത്തനം ഉടൻ തുടങ്ങും. ആകെ 3,600 കോടി രൂപ ചെലവു കണക്കാക്കുന്ന പദ്ധതിയാണിത്. ഭൂമി ഏറ്റെടുക്കാനായി രണ്ടു വർഷം മുൻപ് കിഫ്ബി വഴി സംസ്ഥാനം 1,489 കോടി രൂപ ചെലവിട്ടിരുന്നു. 1,450 ഏക്കർ ഭൂമിയാണ് ഇതിനകം ഏറ്റെടുത്തത്. നിലവിൽ കിൻഫ്രയുടെ കൈവശമുള്ള ഭൂമി ഘട്ടം ഘട്ടമായി കോറിഡോർ ഡെവലപ്മെന്റ് കോർപറേഷന് കൈമാറും. ആദ്യഘട്ടമായി കഴിഞ്ഞ ഡിസംബറിൽ 110 ഏക്കറും മാർച്ചിൽ 220 ഏക്കറും കൈമാറിയപ്പോൾ രണ്ടു ഘട്ടമായി കേന്ദ്രം 313.5 കോടി രൂപ കൈമാറിയിരുന്നു. ചെന്നൈ ബംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേക്ക് നീട്ടി കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി നിർമിക്കാൻ 2019 ഓഗസ്റ്റിലാണ് തീരുമാനിച്ചത്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് തുല്യപങ്കാളിത്തമുള്ള പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടി 2020 സെപ്റ്റംബറിൽ ആരംഭിച്ചു. 2022 ജൂലൈ ആയപ്പോഴേക്കും സ്ഥലമേറ്റെടുപ്പ് 85 ശതമാനം കേരളം പൂർത്തിയാക്കി.

കഴിഞ്ഞ ജൂണിൽ മന്ത്രി പി. രാജീവ്, കേന്ദ്ര വാണിജ്യമന്ത്രി പീയൂഷ് ഗോയലിനെ സന്ദർശിച്ച് വ്യവസായ ഇടനാഴിക്കുള്ള അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിനു കീഴിലുള്ള കിൻഫ്രയും കേന്ദ്രസർക്കാരിനു കീഴിലുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റും ചേർന്ന് തുല്യ ഓഹരിപങ്കാളിത്തത്തോടെ രൂപംകൊടുത്ത പ്രത്യേകോദ്ദേശ്യ സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് ആണ് പാലക്കാട് സ്മാർട് സിറ്റിയുടെ വികസന പ്രവർത്തനം ഏകോപിപ്പിക്കുന്നത്.




## ആറ് പതിറ്റാണ്ട് നീണ്ട സേവനത്തിന് അന്ത്യം; മിഗ് 21 വിമാനങ്ങൾക്ക് വ്യോമസേനയുടെ ഗംഭീര യാത്രയയപ്പ്

**ന്യൂഡൽഹി:** ആറ് പതിറ്റാണ്ടുകൾ നീണ്ട സേവനത്തിന് ശേഷം മിഗ് 21 വിമാനങ്ങൾ ഇന്ത്യൻ വ്യോമസേനയിൽ നിന്നും വിടപറഞ്ഞു. ഛത്തീസ്ഗഡ് വ്യോമത്താവളത്തിലാണ് യാത്രയയപ്പ് നൽകിയത്. വ്യോമ മേധാവിയും സ്വാഡ്രൺ ലീഡറുമാണ് വിമാനങ്ങൾ പറത്തുന്നത്. യാത്രയയപ്പ് ചടങ്ങിൽ പ്രതിരോധ മന്ത്രി രാജ് നാഥ് സിങ്, ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല എന്നിവർ പങ്കെടുത്തു.

സോവിയറ്റ് യൂണിയനുമായുള്ള കരാറിന്റെ ഭാഗമായി 1962 ലാണ് മിഗ് 21 വിമാനങ്ങൾ ഇന്ത്യയിലെത്തിച്ചത്. 1963 ൽ വ്യോമസേനയുടെ ഭാഗമായി. പാക്കിസ്ഥാനെതിരായ യുദ്ധത്തിൽ ഇന്ത്യ പ്രധാനമായും മിഗ് 21 യുദ്ധവിമാനങ്ങളാണ് ഉപയോഗിച്ചിരുന്നത്.

തദ്ദേശിയമായി നിർമിച്ച പുതുതലമുറ തേജസ് യുദ്ധവിമാനങ്ങളാണ് പകരക്കാരനായി എത്തുന്നത്. 97 തേജസ് യുദ്ധവിമാനങ്ങൾ വാങ്ങാനായി പ്രതിരോധ മന്ത്രാലയം 62,370 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു.

## ഹൈടെക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്കിന് തുടക്കം



**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ പുതിയ വ്യാവസായിക നയത്തിന്റെ ഭാഗമായി ഉയർന്ന നിലവാരമുള്ള മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കും അനുബന്ധ സേവനങ്ങൾക്കുമുള്ള മികച്ചയിടമാക്കി കേരളത്തെ മാറ്റാൻ ലക്ഷ്യമിട്ടുള്ള ഹൈടെക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്കിന് വ്യവസായ മന്ത്രി പി. രാജീവ് തുടക്കം കുറിച്ചു. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (ജിസിസി), ഗ്ലോബൽ ടെക്നോളജി സെന്ററുകൾ (ജിടിസി) എന്നിവയിലേക്കും ഡിസൈൻ, ഗവേഷണ വികസനം, സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിലേക്കും സംഭാവന ചെയ്യാൻ കഴിയുന്ന മികച്ച മനുഷ്യവിഭവശേഷി കേരളത്തിനുണ്ടെന്ന് മന്ത്രി രാജീവ് പറഞ്ഞു.

2025 ഓഗസ്റ്റ് വരെയുള്ള ലിങ്ക്ഡിൻ കണക്കുകൾ പരിശോധിച്ചാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന 40000 ത്തോളം പ്രഫഷണലുകൾ കേരളം ആസ്ഥാനമായുള്ള കമ്പനികളിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. ഇത് റിവേഴ്സ് മൈഗ്രേഷൻ പ്രവണതയിലേക്ക് വിരൽ ചൂണ്ടുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നിലവിലെ ആഗോളരാഷ്ട്രീയ സാഹചര്യത്തിലെ പ്രശ്നങ്ങളെ അവസരങ്ങളാക്കി മാറ്റാൻ സാധിക്കണം. പ്രഫഷണലുകൾക്കൊപ്പം കമ്പനികളും അവരുടെ ഉൽപ്പാദന യൂണിറ്റുകൾ കൂടുതൽ അനുയോജ്യമായ പ്രദേശങ്ങളിലേക്ക് മാറ്റാൻ നിർബന്ധിതരാകും.




# ഭക്ഷ്യ സംസ്കരണത്തിന് റിലയൻസും കൊക്കക്കോളയും നിക്ഷേപം നടത്തും

**ന്യൂഡൽഹി:** രാജ്യത്തുടനീളം സംയോജിത ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയവുമായി റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡും (ആർസിപിഎൽ), കൊക്കക്കോളയുടെ മൂന്ന് ബോട്ടിലർമാരും ചേർന്ന് 65,000 കോടിയിലേറെ രൂപയുടെ നിക്ഷേപം നടത്തും. ന്യൂഡൽഹിയിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ ഉച്ചകോടിയുടെ ആദ്യ ദിനത്തിലാണ് ഇത് പ്രഖ്യാപിച്ചത്. ഉച്ചകോടി 28ന് സമാപിക്കും.




സംയോജിത ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ആർസിപിഎൽ 40,000 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു. 25,760 കോടി രൂപ കൊക്ക കോളയുടെ ബോട്ടിലർമാർ നിക്ഷേപിക്കും.

ഓഗസ്റ്റിൽ നടന്ന വാർഷിക പൊതുയോഗത്തിൽ റിലയൻസ് ഇൻഡസ്ട്രീസ് നിക്ഷേപ പദ്ധതി പ്രഖ്യാപിച്ചിരുന്നു. എഐ അധിഷ്ഠിത ഓട്ടോമേഷൻ, റോബോട്ടിക്സ്, അത്യാധുനിക സാങ്കേതികവിദ്യകൾ എന്നിവയുള്ള ഏഷ്യയിലെ ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഫുഡ് പാർക്കുകൾ നിർമിക്കുമെന്നാണ് പ്രഖ്യാപനം നടത്തിയത്.

റിലയൻസ് റീട്ടെയിലിൽനിന്ന് ഉയർന്നുവന്ന് റിലയൻസ് ഇൻഡസ്ട്രീസിന്റെ നേരിട്ടുള്ള ഉപസ്ഥാപനമായി മാറിയ റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ്, ആരംഭിച്ച് വെറും മൂന്ന് വർഷത്തിനുള്ളിൽ 11,000 കോടി രൂപയിലധികം വരുമാനം നേടി, ഇന്ത്യയിലെ അതിവേഗം വളരുന്ന ഉപഭോക്തൃ ഉത്പന്ന കമ്പനികളിലൊന്നായി മാറി.

ധാരണാപത്രത്തിന് കീഴിൽ, മഹാരാഷ്ട്രയിലെ കടോൾ, നാഗ്പുർ, ആന്ധ്രാപ്രദേശിലെ കുർണൂൽ എന്നിവിടങ്ങളിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കും പാനീയങ്ങൾക്കും സംയോജിത സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് 1,500 കോടിയിലധികം രൂപ ആർസിപിഎൽ നിക്ഷേപിക്കും.

ടാഗ്സ് ഫുഡ്സ് ഉൾപ്പെടെ നിരവധി ബ്രാൻഡുകൾ ആർസിപിഎൽ സ്വന്തമാക്കി. കംപ, ഇൻഡിപെൻഡൻസ്, അലൻസ്, എൻസോ, റാവൽഗാവ് എന്നീ പേരുകളിൽ സോപ്പ് മുതൽ കോള വരെയുള്ള ബ്രാൻഡുകൾ പുറത്തിറക്കി.

കൊക്കക്കോളയുടെ ഇന്ത്യയിലെ മൂന്നു ബോട്ടിലിംഗ് കമ്പനികൾ രാജ്യത്തെ ഭക്ഷ്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംയുക്തമായി 25,760 കോടി രൂപ നിക്ഷേപിക്കും. എസ്എൽഎംജി ബിവറേജസ്, ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ്, കാന്ധാരി ഗ്രൂപ്പ് ഓഫ് കന്പനീസ് എന്നിവയാണ് നിക്ഷേപം നടത്തുന്നത്.

കൊക്കക്കോളയുടെ ഏറ്റവും വലിയ ബോട്ടിലിംഗ് കമ്പനിയായ എസ്എൽഎംജി 8000 കോടി രൂപ നിക്ഷേപിക്കും.

## ആസ്റ്റർ മെഡ്സിറ്റിയിൽ മൺസൂൺ സി.എം.ഇ നാളെ

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാളെ മൺസൂൺ സി.എം.ഇ സംഘടിപ്പിക്കുന്നു. തുടർച്ചയായി ഇത് ഒമ്പതാം തവണയാണ് മൺസൂൺ സി.എം.ഇ സംഘടിപ്പിക്കുന്നത്. പീഡിയട്രിക് ന്യൂറോളജിയാണ് ഈ വർഷത്തെ വിഷയം. ആസ്റ്റർ മെഡ്സിറ്റിയിലെ നോളഡ്ജ് ഹബ്ബിൽ രാവിലെ 8.30 ന് ആരംഭിക്കുന്ന സി.എം.ഇയിൽ ഡോ. പി.സി. അലക്സാണ്ടർ അനുസ്മരണ പ്രസഗവും നടക്കും.

## സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി.ഐയിൽ റെഗുലർ കോഴ്സുകളിൽ ഒഴിവുള്ള ഏതാനം സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ തുടരുന്നു. താൽപ്പര്യമുള്ളവർ സെപറ്റംബർ 29ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിൽ ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 9496282057.

## ഓണാഘോഷം സംഘടിപ്പിച്ചു



**കൊച്ചി:** ചിന്മയ ക്രോസ് റോഡ് റെസിഡൻസ് അസോസിയേഷൻ (വടുതല ഈസ്റ്റ്) ഓണാഘോഷവും വാർഷികയോഗവും ചേരാനല്ലൂർ വില്ലേജ് ഓഫീസർ സന്തോഷ് കുമാർ ജി ഉദ്ഘാടനം ചെയ്തു. നോർത്ത് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ പി. പി റെജി മുഖ്യപ്രഭാഷണം നിർവഹിച്ചു. ഭാരവാഹികളായ അഡ്വ. ലീല നാരായണൻ, റെജീന സെബാസ്റ്റ്യൻ, അജിത് മോഹൻ, മിഥുൻ പ്രഭ, അഡ്വ വിപിൻ പി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

## ചെറുനഗരങ്ങളിലെ ഷോപ്പിങിന് ഊർജം പകർന്ന് 2025 ഗ്രാന്റ് ഷോപ്സി മേള

**കൊച്ചി:** രാജ്യത്തുടനീളമുള്ള കുടുംബങ്ങൾ ഉത്സവ സീസണിനായി തയ്യാറെടുക്കുമ്പോൾ, ഫ്ളിപ്പ് കാർട്ടിന്റെ ഭാഗമായ ഷോപ്സി തങ്ങളുടെ ഗ്രാന്റ് ഷോപ്സി മേള 2025ന്റെ കണക്കുകൾ പുറത്തുവിട്ടു. സെപതംബർ ഏഴ് വരെ നടന്ന മേളയിൽ 70%ത്തിലധികം ആപ്പ് ഇൻസ്റ്റാളേഷനുകളും ഓർഡറുകളും ടയർ 3, 4 നഗരങ്ങളിൽ നിന്നാണ് വന്നതെന്ന് ഷോപ്സി ഫ്ളിപ്കാർട്ട് മാർക്കറ്റ് പ്ലെയ്സ് വൈസ് പ്രസിഡന്റ് കപിൽ തിരാനി പറഞ്ഞു. പ്രത്യേകിച്ച് മില്യനിയൽസും ജൻ സീയുമാണ് ഗാർഹിക ഉൽപ്പന്നങ്ങൾ, പുരുഷന്മാരുടെ ഫാഷൻ, പാദരക്ഷകൾ എന്നിവ കൂടുതലായും വാങ്ങിയത്. മില്ലേനിയൽസും (48%) ജൻ സീയും (32%) ചേർന്ന് ഉപഭോക്തൃ അടിത്തറയുടെ 80%ത്തിലധികം വരും. വിൽപന കാലയളവിൽ സ്ഥിരം ഉപഭോക്താക്കളുടെ എണ്ണത്തിൽ 44% വർധനവും ഷോപ്സി റിപ്പോർട്ട് ചെയ്തു.

ഉത്സവ സീസൺ അടുത്തിരിക്കെ, വേണ്ടതെല്ലാം വാങ്ങാൻ ഗ്രാന്റ് ഷോപ്സി മേള കുടുംബങ്ങൾക്ക് സഹായകരമായി. 1,300 വിഭാഗങ്ങളിലായി 149 രൂപയിൽ താഴെ വിലയുള്ള ഒരു കോടിയിലധികം ഉൽപ്പന്നങ്ങൾ അടങ്ങിയ വിപുലമായ ശേഖരം ഷോപ്പ്സി ഒരുക്കിയിരുന്നു. ദുർഗ പൂജയ്ക്കുള്ള കുർത്തകൾ മുതൽ ദീപാവലിക്കുള്ള ഹോം ഡെക്കോർ വരെ ഇതിൽ ഉൾപ്പെട്ടു. ഗാർഹിക അവശ്യവസ്തുക്കൾക്ക് വിൽപനയിൽ 108% വർധനവ് രേഖപ്പെടുത്തി. പുരുഷന്മാരുടെ കാഷൽ വസ്ത്രങ്ങൾക്കും പാദരക്ഷകൾക്കും 95% വളർച്ചയുണ്ടായി. വനിതകളുടെ കുർത്തകളും പാന്റ് സെറ്റുകളും, ഇയർബഡുകൾ, പുരുഷന്മാരുടെ അനലോഗ് വാച്ചുകൾ എന്നിവയാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ഉൽപ്പന്നങ്ങൾ. ഗ്രാന്റ് ഷോപ്സി മേളയിലൂടെ ഞങ്ങളുടെ ഉപഭോക്താക്കൾക്കും വിൽപനക്കാർക്കും ഉത്സവ സീസണിലേക്ക് നേരത്തെ പ്രവേശനം നൽകാനാണ് ഞങ്ങൾ ലക്ഷ്യമിട്ടതെന്നും കപിൽ തിരാനി പറഞ്ഞു.

## വിമാനത്താവളത്തിന്റെ വളർച്ചയ്ക്കൊപ്പം സമീപ പ്രദേശങ്ങളുടെ വികസനവും ഉറപ്പാക്കുമെന്ന് മന്ത്രി പി രാജീവ്

**കൊച്ചി:** അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വളർച്ചയ്ക്കൊപ്പം സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനവും ഉറപ്പാക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. സിയാലിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കാഞ്ഞൂർ- കല്ലുംകൂട്ടം എയർപോർട്ട് റിംഗ് റോഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകിയവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കും. സമഗ്ര വികസനത്തിനായി നൂറുകോടി രൂപയുടെ പദ്ധതികൾ സിയാൽ നടപ്പാക്കിവരുന്നതായും മന്ത്രി പറഞ്ഞു.

അപ്രോച്ച് റോഡ് നിർമ്മാണം, നായത്തോട് റോഡുമായുള്ള കണക്ടിവിറ്റി തുടങ്ങിയ വികസന പദ്ധതികൾ കൂടി പരിഗണനയിലുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപമുള്ള പഞ്ചായത്തുകളുടെ വികസനം ലക്ഷ്യമാക്കി സിയാൽ നടപ്പിലാക്കുന്ന പദ്ധതികളിലൊന്നാണ് കാഞ്ഞൂർ- കല്ലുംകൂട്ടം റിംഗ് റോഡ്. കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ആറാം ഗേറ്റ് മുതൽ കല്ലുംകൂട്ടം വരെയായി നിർമ്മിച്ചിരിക്കുന്ന റോഡ് വിമാനത്താവളത്തിന്റെ തെക്കൻവടക്കൻ മേഖലകളെ ബന്ധിപ്പിക്കുന്ന ആദ്യഘട്ട പദ്ധതിയാണ്. ചടങ്ങിൽ എം.എൽ.എമാരായ അൻവർ സാദത്ത്, റോജി എം. ജോൺ, സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ്, സിയാൽ സിവിൽ ജനറൽ മാനേജർ ടി. രാജേന്ദ്രൻ, സിയാൽ ഡയറക്ടർ വർഗീസ് ജേക്കബ്, എയർപോർട്ട് ഡയറക്ടർ ജി. മനു, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയ രഘു, വാർഡ് മെമ്പർമാരായ വി.എസ് വർഗീസ്, ചന്ദ്രമതി രാജൻ എന്നിവർ പങ്കെടുത്തു.

ജില്ലാ കളക്ടർ ജി. പ്രിയങ്ക, സംസ്ഥാന ഗ്രന്ഥശാല കൗൺസിൽ പ്രസിഡന്റ് ഡോ. കെ. വി കുഞ്ഞികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്, സ്ഥിരം സമിതി അധ്യക്ഷരായ എം. ജെ ജോമി, കെ. ജി ഡോണോ, ആശ സനിൽ, സനിത റഹീം, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഉല്ലാസ് തോമസ്, എ. എസ് അനിൽകുമാർ, ശാരദ മോഹൻ, കെ. വി രവീന്ദ്രൻ, ഷാരോൺ പനക്കൽ, റാണിക്കുട്ടി ജോർജ്, കെ.കെ ദാനി, ലിസി അലക്സ്, അനിമോൾ ബേബി, റഷീദ സലീം, ഷൈമി വർഗീസ്, എം. ബി ഷൈനി, പി എം. നാസർ, എൽദോ ടോം പോൾ, കെ. വി അനിത, റൈജ അമീർ, കെ. ആർ ഉമാ മഹേശ്വരി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി. എം ഷെഫീക്ക് എന്നിവർ സംസാരിച്ചു.



## നിർമലാ കോളേജിൽ ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** നിർമലാ കോളേജ് ജന്തുശാസ്ത്ര വിഭാഗവും, കോളേജിലെ ബയോ ഡൈവേഴ്സിറ്റി ക്ലബും സംയുക്തമായി ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. അകശേരുകികളുടെ വർഗീകരണവും കംപ്യൂട്ടേഷണൽ ബയോളജിയും എന്ന വിഷയത്തിലായിരുന്നു സെമിനാർ. ശ്രീലങ്ക രജരത യൂണിവേഴ്സിറ്റി സീനിയർ ലെക്ച്ചറർ ഡോ. ദിനർസർദേസി റഹീം അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്തു.

കേരള ഫോറസ്റ്റ് ഡിപ്പാർട്മെന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്. എസ് മുഖ്യ പ്രഭാഷണം നടത്തി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തിലാണ് സെമിനാർ നടന്നത്. 30 ൽ പരം ഗവേഷണ, അക്കാദമിക സ്ഥാപനങ്ങളിൽ നിന്നായി നൂറോളം പേർ സെമിനാറിൽ സംബന്ധിച്ചു. യൂണിവേഴ്സിറ്റി ഓഫ് പെറദേനിയ, ശ്രീലങ്കയിലെ ഡോ. കുമുദു വിജയസൂര്യ, ഹൈദരാബാദ് സെന്റർ ഫോർ സെല്ലുലാർ ആന്റ് മോളിക്യൂലാർ ബയോളജി സീനിയർ സയന്റിസ്റ്റ് ഡോ. ജാൻവി ജോഷി, യൂണിവേഴ്സിറ്റി ഓഫ് കേരള റിട്ട. പ്രൊഫസർ ഡോ. അച്യുത ശങ്കർ, കേരള ജൈവവൈവിധ്യ ബോർഡ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. എസ് വിമൽ കുമാർ, മഹാരാഷ്ട്ര താക്കറെ വൈൽഡ് ലൈഫ് ഫൗണ്ടേഷൻ സയന്റിസ്റ്റ് ഡോ. അമൃത് രവീന്ദ്ര ബോസ്‌ലെ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

31 ഗവേഷണ പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു. കോളേജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ, കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ്, വൈസ് പ്രിൻസിപ്പൽ ഡോ. സോണി കുര്യാക്കോസ്, ബർസാർ ഫാ. പോൾ കളത്തൂർ, സെമിനാർ കോർഡിനേറ്ററും കോളേജ് വൈസ് പ്രിൻസിപ്പലുമായ ഡോ. ജിജി കെ. ജോസഫ്, ജോയിന്റ് കോർഡിനേറ്ററും അധ്യാപികയുമായ അലീന എലിസബത്ത് സിറിൽ, സുവോളജി വിഭാഗം മേധാവി അമ്പിളി എലിസബത്ത് ജോർജ്, ബയോ ഡൈവേഴ്സിറ്റി ക്ലബ് കോർഡിനേറ്റർ സിന്ധു റേച്ചൽ ജോയ്, അധ്യാപകരായ ഡോ. അനി കുര്യൻ, ഡോ. കെ. വി വിനോദ്, എസ്. ജയ, അഞ്ജു ബി. കാഞ്ഞിരക്കാട്ട് എന്നിവർ ത്രിദിന അന്താരാഷ്ട്ര സെമിനാറിന് നേതൃത്വം നൽകി. സെമിനാറിനോടനുബന്ധിച്ച് ടെറസ്റ്റിയൽ മൊളസ്കുകളെപ്പറ്റി ശിൽപശാലയും, സെമിനാറിന്റെ മൂന്നാം ദിനം തട്ടേക്കാട് പക്ഷിസങ്കേതത്തിലേക്ക് പഠനയാത്രയും സംഘടിപ്പിച്ചു.

## കുസാറ്റിൽ ബിഐഎസ് കോർണർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലാ ലൈബ്രറിയിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിഐഎസ്) കോർണർ തുറന്നു. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരിയും ബിഐഎസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ പ്രവീൺ ഖന്നയും ഉദ്ഘാടനം ചെയ്തു. ഇതിനോടൊപ്പം ഏഴ് ബിഐഎസ് സ്റ്റുഡന്റ് ചാപ്റ്ററുകളും ഫിസിക്സ് വകുപ്പ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു.

സ്റ്റാൻഡേർഡ്സ് അരീന എന്നും അറിയപ്പെടുന്ന ബിഐഎസ് കോർണർ, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ബിഐഎസ് സ്റ്റാൻഡേർഡുകളെക്കുറിച്ചും, പ്രസിദ്ധീകരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തടസ്സമില്ലാതെ ലഭ്യമാകാൻ സഹായിക്കും.

കുസാറ്റ് രജിസ്ട്രാർ ഡോ. എ. യു അരുൺ, ബിഐഎസ് നോഡൽ ഓഫീസർ ഡോ. സൂര്യ കല്യാണി, കുസാറ്റ് ബിഐഎസ് നോഡൽ ഓഫീസർ ഡോ. ആൽഡ്രിൻ ആന്റണി, കോബോ ഹെഡ് നരേന്ദർ റെഡ്ഡി ബീസു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടിലും കുസാറ്റിലുമാണ് ബിഐഎസ് കോർണർ സ്ഥാപിച്ചിട്ടുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൃഷ്ണപക്ഷ ഏകാംഗ കുച്ചിപ്പുടി നൃത്താവിഷ്കാരവുമായി അഡ്വ.പാർവതി മേനോൻ



**കൊച്ചി:** കുച്ചിപ്പുടി നർത്തകി അഡ്വ. പാർവതി മേനോൻ അവതരിപ്പിക്കുന്ന ഏകാംഗ കുച്ചിപ്പുടി നൃത്താവിഷ്കാരമായ കൃഷ്ണപക്ഷ സെപ്റ്റംബർ 29 ന് വൈകുന്നേരം 6 മണിക്ക് എറണാകുളം ടിഡിഎം ഹാളിൽ അരങ്ങേറും. എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷമായ നൃത്തോൽസവത്തിന്റെ ഭാഗമായാണ് കൃഷ്ണപക്ഷ അരങ്ങിലെത്തുന്നത്. പ്രവേശനം സൗജന്യമാണ്. ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതത്തോട് ചേർന്നുനിന്ന സ്ത്രീകളുടെ ജീവിതത്തിലൂടെ നടത്തുന്ന ഒരു യാത്രയാണ് കൃഷ്ണപക്ഷ എന്ന അതുല്യമായ ഈ ഏകാംഗ കുച്ചിപ്പുടി നൃത്തനാടകം. പാർവതി മേനോൻ തന്നെ വിഭാവനം ചെയ്ത്, നൃത്തസംവിധാനം ചെയ്ത്, അവതരിക്കുന്ന നൃത്തനാടകം നാട്യശാസ്ത്രത്തിലെ ചതുർവിധ അഭിനയമായ ആംഗികം (ശരീരഭാഷ), ആഹാര്യം (വസ്ത്രധാരണം, മേക്കപ്പ്), വാചികം (സംസാര വാക്ക്), സാത്വികം (വൈകാരികം) എന്നിവ സമന്വയിപ്പിച്ചുള്ള നൃത്തനാടക സൃഷ്ടിയാണ്. ആർഎൽവി ഹേമന്ത് ലക്ഷ്മൺ (നട്ടുവാങ്കം), ബിജീഷ് കൃഷ്ണ (വോക്കൽ), കലാമണ്ഡലം ചാരുദത്ത് (മൃദംഗം), തൃശൂർ ശ്യാം കല്യാൺ (വയലിൻ), ശ്രീജിത്ത് കമ്മത്ത് (പുല്ലാങ്കുഴൽ) എന്നിവർ ഉൾപ്പെടുന്ന ഓർക്കസ്ട്രയുടെ അകമ്പടിയോടെയാണ് കൃഷ്ണപക്ഷ അരങ്ങേറുന്നത്. എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ പൂർവ്വ വിദ്യാർത്ഥിനിയായ പാർവതി, പത്മഭൂഷൺ ഡോ. വെമ്പട്ടി ചിന്ന സത്യത്തിന്റെ ശിഷ്യയായ ശ്രീമതി കലാമണ്ഡലം മോഹനതുളസിയുടെ കീഴിൽ നാല് വയസ്സ് മുതൽ പരിശീലനം നേടി. ഇന്ത്യാ ഗവൺമെന്റിന്റെ സാംസ്കാരിക മന്ത്രാലയത്തിലെ സെന്റർ ഫോർ കൾച്ചറൽ റിസോഴ്സസ് ആൻഡ് ട്രെയിനിംഗിൽ (സിസിആർടി) നിന്ന് കുച്ചിപ്പുടിയിൽ യുവ കലാകാരന്മാർക്കുള്ള സ്കോളർഷിപ്പ് പാർവതിക്ക് ലഭിച്ചിട്ടുണ്ട്.

ബാംഗ്ലൂരിലെ അലയൻസ് യൂണിവേഴ്സിറ്റിയിൽ നിന്ന് കുച്ചിപ്പുടിയിൽ ഡിപ്ലോമ പൂർത്തിയാക്കിയ പാർവതി, ഇപ്പോൾ വിശാഖപട്ടണത്തെ കുച്ചിപ്പുടി കലാ കേന്ദ്രത്തിൽ കേന്ദ്ര സംഗീത നാടക അക്കാദമി (എസ്എൻഎ) അവാർഡ് ജേതാവ് ഗുരു ശ്രീമതി എ ബി ബാല കൊണ്ടല റാവുവിന്റെ കീഴിൽ കുച്ചിപ്പുടിയിൽ ഉന്നത പരിശീലനം നേടുന്നു. ഒരു വർഷത്തെ കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്ത ശേഷം, ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എൽ.എൽ.എം പൂർത്തിയാക്കി. പത്മവിഭൂഷൺ ഡോ. പത്മ സുബ്രഹ്മണ്യത്തിൽ നിന്ന് കരണങ്ങൾ അഭ്യസിക്കുകയും ചെയ്യുന്നുണ്ട്.

ബ്രഹ്മഗാനസഭ, കാർത്തിക് ഫൈൻ ആർട്സ്, നാദോപാസന ഇരിഞ്ഞാലക്കുട, ഗോശ്രീ ഗാനസഭ തുടങ്ങി നിരവധി പ്രമുഖ വേദികളിൽ പാർവതി പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ 2014ലെ കുച്ചിപ്പുടി രംഗപ്രവേശത്തിനു ശേഷം എൻസിപിഎ കാറ്റലിസ്റ്റ്, മോഹിനി നൃത്തോത്സവം, എറണാകുളത്തപ്പൻ ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, ദാസ്യം അനന്തോൽസവം, പത്മവിഭൂഷൺ ഡോ. കപില വാത്സ്യായൻ ഫസ്റ്റ് ഇന്ത്യൻ ക്ലാസിക്കൽ ഡാൻസ് ഫെസ്റ്റ് 2020, സൂര്യ സ്വരലയ, സ്വരലയ ഭാരത് ഭവൻ നൃത്തോത്സവം, അന്താരാഷ്ട്ര ശ്രീശങ്കര നൃത്തം സംഗീതോത്സവം തുടങ്ങി നിരവധി ഫെസ്റ്റിവലിൽ പാർവതി പങ്കെടുത്തിട്ടുണ്ട്. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി. മേനോന്റെയും അഡ്വ. മീര വി. മേനോന്റെയും മകളാണ് പാർവതി മേനോൻ. ഭർത്താവ് അതുൽ വിനോദ് ഗൂഗിൾ, യൂട്യൂബിൽ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഡെവലപ്മെന്റ് മാനേജരാണ്.

സ്വാതി പ്രണാമം, ഘനശ്യാം, നൃത്തോല്ലാസ എന്നിവയുൾപ്പെടെ നിരവധി സോളോ തീമാറ്റിക് പ്രൊഡക്ഷനുകൾ പാർവതി മുമ്പ് അവതരിപ്പിച്ചിട്ടുണ്ട്. ശിവപുരാണത്തിൽ വിവരിച്ചിരിക്കുന്ന സതിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള അവരുടെ സമീപകാല സോളോ നൃത്ത നാടകമായ ജ്വാലാമുഖി 2023 ലെ മോഹിനി നൃത്തോത്സവത്തിൽ പ്രദർശിപ്പിച്ചു

# 50 ഡിസ്പെൻസറികളിൽ ഫാർമസിസിസ്റ്റ്, അറ്റൻഡർ, പി.ടി.എസ് തസ്തികകൾ സൃഷ്ടിക്കണം: കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ





ഡോ. പി.ജെ ബിജു,എസ്. ശ്രീജിത്ത്, ഡോ. കെ. ആർ സിനി

**കൊച്ചി:** 50 ഡിസ്പെൻസറികളിൽ ഫാർമസിസിസ്റ്റ്, അറ്റെൻഡർ, പി.ടി.എസ് തസ്തികകൾ സൃഷ്ടിക്കുക, മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയുടെ അനുപാതം 3:1 എന്ന രീതിയിൽ ക്രമീകരിച്ച് മലബാർ മേഖലകളിൽ ചീഫ് മെഡിക്കൽ ഓഫീസർമാർ പ്രമോഷനെ തുടർന്ന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്നിങ്ങനെ വിവിധ ആവശ്യങ്ങൾ കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. ഹോംകോയുടെ പുതിയ പ്ലാന്റിന്റെ പ്രവർത്തനം അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുക. ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രവർത്തിക്കുന്ന പദ്ധതികളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചുകൊണ്ട് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, ആയുഷ്ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുക, പൊതു സ്ഥലംമാറ്റം സമയബന്ധിതമായി എല്ലാ വർഷവും ഏപ്രിൽ 30 നുള്ളിൽ നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളും സംഘടന പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. അസോസിയേഷന്റെ പുതിയ സംസ്ഥാന പ്രസിഡന്റായി ഡോ. പി.ജെ ബിജുവിനെയും ജനറൽ സെക്രട്ടറിയായി എസ്. ശ്രീജിത്തിനെയും ട്രഷററായി ഡോ. കെ. ആർ സിനി രമ്യയെയും തിരഞ്ഞെടുത്തു. മന്ത്രി ആർ. ബിന്ദു സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം നോവലിസ്റ്റ് ടി. ഡി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ. രാജൻ ഓൺലൈനായി മുഖ്യപ്രഭാഷണം നടത്തി. കാരിക്കേച്ചറിസ്റ്റും, ചലച്ചിത്രതാരവുമായ ജയരാജ് വാര്യർ സമ്മേളനത്തിൽ വിശിഷ്ടാതിഥി ആയിരുന്നു. അസോസ്സിയേഷന്റെ ഉന്നമനത്തിനായി സമഗ്ര സംഭാവനകൾ നൽകിയ അംഗത്തെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന ഡോ. തോമസ് എ. കുരുവിള അവാർഡ് മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. വി.ജി അജിത്കുമാറിന് സമ്മേളനത്തിൽ നൽകി. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളെയും ദേശീയതലത്തിൽ കലാകായിക രംഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളെയും, ഹോമിയോപ്പതി വകുപ്പിൽ ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച ഡോക്ടർമാരെയും, ആയുഷ് കായകൽപ്പ അവാർഡ് കരസ്ഥമാക്കിയ സ്ഥാപനമേധാവികളെയും സമ്മേളനത്തിൽ ആദരിച്ചു.

# ദിനേഷ് പ്രഭു ഇസ്പ ദേശീയ അധ്യക്ഷൻ



**കൊച്ചി:** ഇന്ത്യൻ സ്മോൾസ്കെയിൽ പെയിന്റ്സ് അസോസിയേഷൻ (ഇസ്പാ) ദേശീയ അധ്യക്ഷനായി മലയാളി സംരംഭകൻ ദിനേഷ് പ്രഭു (ഗോൾഡ്സൺ പെയിന്റ്സ്, കളമശ്ശേരി) തിരഞ്ഞെടുക്കപ്പെട്ടു. ആദ്യമായിട്ടാണ് കേരള എംഎസ്എംഇ സംരംഭകൻ അസോസിയേഷന്റെ ദേശീയ അധ്യക്ഷ സ്ഥാനത്തെത്തുന്നത്. മുംബൈ ആസ്ഥാനമായി ഇന്ത്യമുഴുവൻ വ്യാപിച്ചു കിടക്കുന്ന ഇസ്പയിൽ പെയിന്റ് നിർമ്മാതാക്കളും അസംസ്കൃതവസ്തു വിതരണക്കാരും ഉൾപ്പെടെ രണ്ടായിരത്തിലധികം അംഗങ്ങളാണുള്ളത്. കേന്ദ്ര,സംസ്ഥാന സർക്കാരുകളുടെ വിവിധ കമ്മിറ്റികളിൽ പെയിന്റ് നിർമ്മാതാക്കളെ പ്രതിനിധീകരിക്കുന്ന സംഘടനയാണ് ഇസ്പ. കേരളമുൾപ്പെടെ 11 സംസ്ഥാന കമ്മിറ്റികളാണ് ഇസ്പയ്ക്കുള്ളത്.

# കോതമംഗലത്ത് വൈദ്യുതി സുരക്ഷാ കമ്മിറ്റി രൂപീകരിച്ചു

**കൊച്ചി:** കോതമംഗലം നിയോജക മണ്ഡലതല വൈദ്യുതി സുരക്ഷാ കമ്മിറ്റി രൂപീകരിച്ചു. വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായാണ് നിയോജക മണ്ഡലാടിസ്ഥാനത്തിൽ സുരക്ഷാ കമ്മിറ്റികൾ രൂപീകരിക്കുന്നത്. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബിയും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളും സ്വീകരിച്ചു വരുന്ന നടപടികൾ കൂടുതൽ ശക്തമാക്കുക, പരമാവധി പേരിലേക്ക് സുരക്ഷ സംബന്ധിച്ച അവബോധം എത്തിക്കുകയുമാണ് എന്നതാണ് ലക്ഷ്യം .

ആന്റണി ജോൺ എം.എൽ.എ ചെയർമാനും, ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറും, പഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർമാൻ/കോർപറേഷൻ പ്രതിനിധി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തഹസിൽദാർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, മറ്റ് ജനപ്രതിനിധികൾ എന്നിവരും അടങ്ങുന്ന കമ്മിറ്റിയ്ക്കാണ് കോതമംഗലത്ത് രൂപം നൽകിയത്. നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ജനപ്രതിനിധികൾ യോഗത്തിൽ അവതരിപ്പിച്ചു.

കോതമംഗലം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് ഹാളിൽ ചേർന്ന യോഗത്തിൽ ആന്റണി ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു. കോതമംഗലം നഗരസഭാ വൈസ് ചെയർപേഴ്സൺ സിന്ധു ഗണേശൻ, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രശേഖരൻ നായർ, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ, കീരമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി. ഗോപി, നഗരസഭാ കൗൺസിലർ കെ.എ നൗഷാദ്, ചീഫ് സേഫ്റ്റി ഓഫീസർ കെ.സി. സുരേഷ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.കെ ഗോപി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടൈറ്റസ് ഡാനിയേൽ തുടങ്ങിയവർ പങ്കെടുത്തു.

# സ്വച്ഛോത്സവം: ചെറായി ബീച്ച് ശുചീകരിച്ചു

**കൊച്ചി:** പരിസ്ഥിതി ബോധവും സമൂഹത്തിന്റെ സജീവ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനായി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് (സിഫ്നെറ്റ്) രാജ്യവ്യാപകമായ 'സ്വച്ഛത ഹി സേവ 2025' ക്യാംമ്പയിന്റെ ഭാഗമായി ചെറായി ബീച്ചിൽ ശുചീകരണ പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ 55 സിഫ്നെറ്റ് ജീവനക്കാരും 54 വിദ്യാർത്ഥികളും നിരവധി പ്രാദേശിക സന്നദ്ധപ്രവർത്തകരും പങ്കെടുത്തു. ചെറായി ബീച്ചിന്റെ സ്വാഭാവിക സൗന്ദര്യം പുനഃസ്ഥാപിക്കുകയും ശുചിത്വവും സുസ്ഥിരതയും പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ ശുചീകരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങളും ഉപേക്ഷിച്ച മത്സ്യബന്ധനോപകരണങ്ങളും കടൽത്തീരത്ത് ചിതറിക്കിടന്ന മറ്റ് അവശിഷ്ടങ്ങളും ശേഖരിച്ചു. ബീച്ചുകൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാത്രമല്ല മറിച്ച് അവ നിർണായകമായ ആവാസവ്യവസ്ഥകൾ കൂടിയാണെന്ന് ശുചീകരണ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് സിഫ്നെറ്റ് ഡയറക്ടറും മെക്കാനിക്കൽ എഞ്ചിനീയറുമായ ആശിഷ് കൗശിക് പറഞ്ഞു. ഇത്തരം പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി ശുചിത്വം നിലനിർത്തുന്നതിൽ ഉത്തരവാദിത്വവും അഭിമാനവും വളർത്തുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.




# സൂപ്പർ കപ്പ് : മൽസരക്രമമായി; കേരള ബ്ലാസ്റ്റേഴ്സ് ഗ്രൂപ്പ് ഡിയിൽ

**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി ആരാധകർ ഏറെ ആകാംഷയോടെ കാത്തിരിക്കുന്ന സൂപ്പർ കപ്പ് 2025 നുള്ള മത്സരക്രമമായി. ഗോവയിൽ നടക്കുന്ന ടൂർണമെന്റിൽ ബ്ലാസ്റ്റേഴ്സ് ശക്തമായ ഗ്രൂപ്പിലാണ് മൽസരിക്കുന്നത്. നിലവിലെ ഐ.എസ്.എൽ ടീമുകളായ മുംബൈ സിറ്റി എഫ്.സി, ഹൈദരാബാദ് എഫ്.സി എന്നിവർക്കൊപ്പം ഐലീഗ് ക്ലബ്ബായ രാജസ്ഥാൻ യുണൈറ്റഡ് എഫ്.സിയും ഉൾപ്പെടുന്ന ഗ്രൂപ്പ് ഡിയിലാണ് ബ്ലാസ്റ്റേഴ്സിന്റെ സ്ഥാനം. ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം ഒക്ടോബർ 30 ന് രാജസ്ഥാൻ യുണൈറ്റഡ് എഫ്സിക്കെതിരെയാണ്. രണ്ടാമത്തെ മത്സരം നവംബർ 3ന് ഹൈദരാബാദ് എഫ്.സിയുമായി നടക്കും. ഈ ആദ്യ രണ്ട് മത്സരങ്ങൾക്കും ബാംബോലിം സ്റ്റേഡിയമാണ് വേദിയാകുന്നത്. ഗ്രൂപ്പ് ഘട്ടത്തിലെ നിർണായകമായ അവസാന മത്സരത്തിൽ, നവംബർ 6ന് ഫറ്റോർഡ സ്റ്റേഡിയത്തിൽ വെച്ച് മുംബൈ സിറ്റി എഫ്.സിയെയും മഞ്ഞപ്പട നേരിടും. നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടുന്നതിൽ ഈ മത്സരം നിർണായകമായേക്കാം. ഹെഡ് കോച്ച് ഡേവിഡ് കാറ്റാലയുടെ കീഴിൽ പൂർണ ആത്മവിശ്വാസത്തോടെയും ദൃഢനിശ്ചയത്തോടെയും ആയിരിക്കും കേരള ബ്ലാസ്റ്റേഴ്സ് സൂപ്പർ കപ്പിനെ സമീപിക്കുകയെന്ന് ടീം മാനേജ്മെന്റ് അറിയിച്ചു.



# വാട്ടർമെട്രോയുടെ നേർ കാഴ്ച നൽകി അനന്തലാലിന്റെ കൂറ്റൻ പെയിന്റിംഗ്

**കൊച്ചി:** കൊച്ചി വാട്ടർ മെട്രോയുടെ നേർക്കാഴ്ച നൽകുന്ന സൈബർ ഡോമിലെ പോലീസ് ഇൻസ്പെക്ടർ എ. അനന്തലാൽ തയ്യാറാക്കിയ കൂറ്റൻ പെയിന്റിംഗ് ഹൈക്കോർട്ട് ടെർമിനലിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അനാഛാദനം ചെയ്തു.

15 അടി നീളവും ആറടി വീതിയുമുള്ള പെയിന്റിംഗ് അനന്തലാൽ ഒരു വർഷത്തിലേറെക്കാലത്തെ പരിശ്രമത്തിലൂടെയാണ് പൂർത്തിയാക്കിയത്. കൊച്ചി മെട്രോയെക്കുറിച്ചുള്ള അനന്തലാൽ തയ്യാറാക്കിയ മ്യൂസിക് വീഡിയോയും ചടങ്ങിൽ പ്രകാശനം ചെയ്യുതു. മധു വാസുദേവ് രചിച്ച് ജ്യോതിക് ചന്ദ് സംഗീതം നൽകി സിത്താര കൃഷ്ണകുമാർ ആലപിച്ച മ്യൂസിക് വീഡിയോ കൊച്ചി മെട്രോയുടെ വികസന നാൾവഴികളുടെ കലാപരമായ ആവിഷ്കാരമാണ്.

ചടങ്ങിൽ എം.എൽ.എമാരായ ടി.ജി വിനോദ്, കെ.എൻ ഉണ്ണികൃഷ്ണൻ, കോർപ്പറേഷൻ കൗൺസിലർ മനു ജേക്കബ്, സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലആദിത്യ, കോസ്റ്റ് ഗാർഡ് ഡി.ഐ.ജി ആഷിഷ് മെഹ്റോത്തറ, മുൻ ഡി.ജി.പിമാരായ ഹോർമിസ് തരകൻ, ബി. സന്ധ്യ, ഡി.സി.പി അശ്വതി, അസിസ്റ്റന്റ് കളക്ടർ പാർവ്വതി, സൺ റൈസ് ഹോസ്പിറ്റൽ ഡയറക്ടർ പർവീൻ ഹഫീസ്, കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ലോക് നാഥ് ബെഹ്റ, ഡയറക്ടർ സഞ്ജയ് കുമാർ, ചീഫ് ജനറൽ മാനേജർമാരായ എ. മണികണ്ഠൻ, ഷാജി ജനാർദ്ദനൻ അന്തലാലിന്റെ ഭാര്യ സരിമോൾ, മകൻ അനന്ത കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# വികസിത് ഭാരത് റൺ 2025; 91 രാജ്യങ്ങളിലെ 150 സ്ഥലങ്ങൾ സാക്ഷ്യം വഹിക്കും

**കൊച്ചി:** സേവാ പഖ്വാഡയുടെ ഭാഗമായി കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് 91 രാജ്യങ്ങളിലെ 150 ലധികം സ്ഥലങ്ങളിലായി വിക്സിത് ഭാരത് റൺ 2025 സംഘടിപ്പിക്കുന്നു. രാഷ്ട്രനിർമ്മാണത്തിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതിനായി ഇതാദ്യമായാണ് ഇത്തരത്തിലുള്ള മഹത്തായ ആഗോള സംരംഭം സംഘടിപ്പിക്കുന്നത്.രാഷ്ട്ര സേവനത്തിനായുള്ള ഓട്ടം എന്ന പ്രമേയത്തോട് കൂടിയ വികസിത് ഭാരത് റൺ ലോകമെമ്പാടുമുള്ള പ്രശസ്തവും എളുപ്പത്തിൽ എത്തിച്ചേരാവുന്നതുമായ സ്ഥലങ്ങളിൽ 3 മുതൽ 5 കിലോമീറ്റർ വരെ ദൂരമുള്ള കമ്മ്യൂണിറ്റി റൺ സംഘടിപ്പിക്കുന്നു. ഭൂരിഭാഗം റണ്ണുകളും സെപ്റ്റംബർ 28 ന് നടക്കും. മെക്സിക്കോ സിറ്റിയിലെ ഏഞ്ചൽ ഓഫ് ഇൻഡിപെൻഡൻസ്, യുനെസ്കോ ലോക പൈതൃക സ്ഥാനം, സാൻ ഫ്രാൻസിസ്കോയിലെ ഗോൾഡൻ ഗേറ്റ് ബ്രിഡ്ജ് തുടങ്ങിയ പ്രശസ്തമായ സ്മാരകങ്ങളെ ഉൾക്കൊള്ളുന്ന ഈ പരിപാടി ലോകമെമ്പാടുമുള്ള അനേകം പ്രശസ്ത കേന്ദ്രങ്ങളിലായി സംഘടിപ്പിക്കും. 2047 ഓടെ വികസിത ഭാരതം എന്ന ദർശനത്തോടുള്ള പ്രതിബദ്ധത ആവർത്തിക്കുന്നതിനായി വിദേശത്ത് താമസിക്കുന്ന ഇന്ത്യക്കാരേയും, പ്രാദേശിക സമൂഹങ്ങളേയും,വിദ്യാർത്ഥികളേയും, പ്രൊഫഷണലുകളേയും, ഇന്ത്യയിലെ സുഹൃത്തുക്കളേയും ഒരുമിച്ച് കൊണ്ടുവരിക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.




# പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി കോട്ടയ്ക്കൽ ആര്യവൈദ്യശാല

**കൊച്ചി:** കോട്ടയ്ക്കൽ ആര്യവൈദ്യശാല പേഴ്സണൽ കെയർ ആൻഡ് വെൽനെസ് ഉൽപ്പന്നങ്ങൾ വിപണിയിലിറക്കിയതായി ആശുപത്രി മാനേജിംഗ് ട്രസ്റ്റി ഡോ. പി.എം വാര്യർ, സിഇഒ ഹരികുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സ്കിൻ കെയർ സോപ്പ്, സ്കിൻ പ്രൊട്ടക്ഷൻ സോപ്പ്, ഹാൻഡ്മെയ്ഡ് സോപ്പ്, ബേബി ഗ്ലോ സോപ്പ്, ബേബി ഓയിൽ, ടൂത്ത് പേസ്റ്റ്, സാഫ്രൺ ഗ്ലോ ഫെയ്സ് ഷീറ്റ് മാസ്ക്, സാഫ്രൺ സിൽക്ക്, ആന്റി ഡാൻഡ്രഫ് ഷാംപു, ഹെയർ നറിഷിംഗ് ഷാംപു, ആശ്വാസ് ഇൻഹേലർ ഉൾപ്പെടെ 11 ഉൽപ്പന്നങ്ങളാണു വിപണിയിലിറക്കിയിട്ടുള്ളതെന്നും ഇരുവരും പറഞ്ഞു.



# ഹയർ എഐ ടിവികൾ പുറത്തിറക്കി

**കൊച്ചി:** ഹയർ അപ്ലയൻസസ് ഇന്ത്യ പ്രീമിയം എം 92, എം96 സീരീസ് ക്യുഡിമിനി എൽഇഡി എഐ ടിവികൾ പുറത്തിറക്കി.നൂതന എഐ അൾട്രാ സെൻസ് പ്രോസസർ, ഡോൾബി വിഷൻ ഐക്യു, ക്യുഡി മിനി എൽഇഡി സാങ്കേതികവിദ്യ, കെഇഎഫ് ബൈ സൗണ്ട്, 6.2.2 ചാനൽ സ്പീക്കർ സിസ്റ്റം, മികച്ച ഓഡിയോ ഇന്റലിജന്റ് പ്രകടനം, ഡോൾബി അറ്റ്മോസ് എന്നീ ഫീച്ചറുകളോടെയാണു എം92, എം96 സീരീസ് പുറത്തിറക്കിയിരിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡോണ്ട് മിസ് എ ബീറ്റ്; ലോക ഹൃദയദിനാചരണം 29ന്

**കൊച്ചി:** ഡോണ്ട് മിസ് എ ബീറ്റ് എന്ന പ്രമേയവുമായി സെപ്തംബർ 29ന് ഈ വർഷത്തെ ലോക ഹൃദയദിനാചരണം. ഹൃദയസംബന്ധമായ അസുഖങ്ങൾ (സിവിഡി) കാരണം എണ്ണമറ്റ ആളുകൾക്ക് ജീവൻ വളരെ നേരത്തെ നഷ്ടമാകുന്നുണ്ട്, അതുവഴി കുടുംബങ്ങൾക്ക് ഒരുമിച്ചുള്ള വിലപ്പെട്ട സമയം ഇല്ലാതാകുന്നു എന്നതിന്റെ ശക്തമായ ഓർമപ്പെടുത്തലാണ് ഡോണ്ട് മിസ് എ ബീറ്റ് എന്ന പ്രമേയം ചൂണ്ടിക്കാട്ടുന്നത്.

സിവിഡിയുടെ തോത് കുത്തനെ ഉയരുമെന്ന് പ്രവചിക്കപ്പെട്ടിട്ടുള്ള ഇന്ത്യയെ സംബന്ധിച്ച് ഈ മുന്നറിയിപ്പ് വളരെ പ്രധാനപ്പെട്ടതാണ്. ദി ചേഞ്ചിങ് പാറ്റേൺസ് ഓഫ് കാർഡിയോവാസ്കുലാർ ഡിസീസസ് ആൻഡ് ദെയർ റിസ്ക് ഫാക്ടേഴ്സ് ഇൻ ദി സ്റ്റേറ്റ്സ് ഓഫ് ഇന്ത്യ എന്ന ലാൻസെറ്റ് പഠനമനുസരിച്ച്, ഹൃദയസംബന്ധമായ അസുഖങ്ങൾ ഇന്ത്യക്കാരെ ഒരു പതിറ്റാണ്ട് മുമ്പേ ബാധിക്കുന്നുണ്ട്. സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കഠിനമായ ആദ്യ ഹൃദയാഘാതങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും മരണനിരക്ക് കൂടുതലാണെന്നും, അതേസമയം യുവജനങ്ങളിൽ ഹൃദയാഘാതങ്ങളുടെ എണ്ണത്തിൽ അഭൂതപൂർവമായ വർധനവ് കണ്ടുവരുന്നതായും വേൾഡ് ഹാർട്ട് ഫെഡറേഷൻ പറയുന്നു.

ഹൃദയാരോഗ്യത്തിന് സഹായിക്കുന്ന ശീലങ്ങൾ, ഉദാഹരണത്തിന് ബദാം ദിവസേനയുള്ള ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ലളിതവും എന്നാൽ ഫലപ്രദവുമായ പ്രതിരോധ മാർഗമാണെന്ന് വിദഗ്ധർ പറയുന്നു. 200ലധികം പ്രസിദ്ധീകരിച്ച പഠനങ്ങൾ കാലിഫോർണിയ ബദാം നിരവധി ആരോഗ്യ ഗുണങ്ങൾ നൽകുന്നുണ്ടെന്ന് കാണിച്ചിട്ടുണ്ട്. ഹൃദയാരോഗ്യത്തിന് ഉത്തമമായ മോണോസാച്ചുറേറ്റഡ് കൊഴുപ്പുകൾ, വിറ്റാമിൻ ഇ, മഗ്നീഷ്യം, പൊട്ടാസ്യം, ഡയറ്ററി ഫൈബർ എന്നിവ ഉൾപ്പെടെ 15 അവശ്യ പോഷകങ്ങൾ ഇവ നൽകുന്നു. ബദാം പതിവായി കഴിക്കുന്നത് മൊത്തം കൊളസ്ട്രോളും എൽഡിഎൽ കൊളസ്ട്രോളിന്റെ അളവും കുറയ്ക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിൽ ഹൃദ്രോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ കൊളസ്ട്രോൾ കുറയ്ക്കുക എന്നതിലുപരി ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുന്ന ബദാം പോലുള്ള ഭക്ഷണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നിർണായകമാണെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റായ ഷീല കൃഷ്ണസ്വാമി പറഞ്ഞു.

## മികവ് തെളിയിച്ചവർക്ക് അവാർഡുകൾ പ്രഖ്യാപിച്ച് മിൽമ എറണാകുളം മേഖലാ യൂണിയൻ

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ മാതൃക സംഘങ്ങൾക്കും, മികച്ച മിൽക്ക് കൂളർ യൂണിറ്റുകൾക്കും, മികച്ച ഗുണനിലവാരമുള്ള പാലളക്കുന്ന സംഘങ്ങൾക്കും , മാതൃക കർഷകർക്കും, ഡീലർമാർക്കും, സ്ഥാപനങ്ങൾക്കുമുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. ശനിയാഴ്ച്ച പെരുമ്പാവൂർ മുൻസിപ്പൽ ടൗൺ ഹാളിൽ നടക്കുന്ന മിൽമ മേഖലാ യൂണിയന്റെ 39ാം വാർഷിക പൊതുയോഗത്തിൽ ചെയർമാൻ സി.എൻ.വത്സലൻപിള്ള ജേതാക്കൾക്ക് അവാർഡ് നൽകും.

മേഖലാ യൂണിയന്റെ നാല് ജില്ലകളിലെ മാതൃക സംഘങ്ങളായി മണീട് ആപ്കോസ് (എറണാകുളം ജില്ല), കുറ്റിച്ചിറ ആപ്കോസ് (തൃശൂർ ജില്ല), വാലാച്ചിറ ആപ്കോസ് (കോട്ടയം ജില്ല), രാജമുടി ആപ്കോസ് ( ഇടുക്കി ജില്ല), ബെസ്റ്റ് ബൾക്ക് മിൽക്ക് കൂളർ യൂണിറ്റുകളായി പണ്ടപ്പിള്ളി ആപ്കോസ് (എറണാകുളം ജില്ല), ആനന്ദപുരം ആപ്കോസ്(തൃശൂർ ജില്ല), ളാക്കാട്ടൂർ ആപ്കോസ് (കോട്ടയം ജില്ല), ശാന്തിഗ്രാം ആപ്കോസ് (ഇടുക്കി ജില്ല) എന്നിവയും മികച്ച ഗുണനിലവാരമുള്ള സംഘങ്ങളായി തുറവൂർ ആപ്കോസ് (എറണാകുളം ജില്ല), മായന്നൂർ ആപ്കോസ് (തൃശൂർ ജില്ല), കാനംകെ ആപ്കോസ് (കോട്ടയം ജില്ല), അറക്കുളം ആപ്കോസ് (ഇടുക്കി ജില്ല), മാതൃക കർഷകർക്കുള്ള ഫാം സെക്ടർ ക്ഷീരമിത്ര അവാർഡ് ബിൻസി ഷൈൻ, നെല്ലാട് ആപ്കോസ് (എറണാകുളം ജില്ല), .ബീന ജസ്റ്റിൻ, മാന്നാമംഗലം ആപ്കോസ് (തൃശൂർ ജില്ല), ബിജുമോൻ തോമസ്, കുര്യനാട് ആപ്കോസ് (കോട്ടയം ജില്ല), ജിൻസ് കുര്യൻ, കമ്പംമേട് ആപ്കോസ് (ഇടുക്കി ജില്ല) എന്നിവയും ചെറുകിട കർഷകർക്കുള്ള ക്ഷീരമിത്ര അവാർഡ് സൗമിനി ജെബി, മുടക്കുഴ ആപ്കോസ് (എറണാകുളം ജില്ല), പ്രബലകുമാരി, പട്ടിപ്പറമ്പ് ആപ്കോസ് (തൃശൂർ ജില്ല), ഷാജി ജോസ്, കടപ്പൂർ ആപ്കോസ് (കോട്ടയം ജില്ല), ശ്രീമതി.ഷിനി മാനുവൽ മച്ചിപ്ലാവ് ആപ്കോസ് (ഇടുക്കി ജില്ല) എന്നിവരെയും തെരഞ്ഞെടുത്തു.

മാർക്കറ്റിംഗ് മേഖലയിൽ മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള മിൽമ മിത്ര അവാർഡിന് ഗുരുവായൂർ ദേവസ്വം, എഫ്എസിടി, എയിംസ് എറണാകുളം, വിനായക് കാറ്റേഴ്സ്, ബി.പി.സി.എൽ, സൗഭാഗ്യ ഏജൻസീസ് എന്നിവർ അർഹരായി. ഡീലർമാർക്കുള്ള അവാർഡുകൾക്ക് എറണാകുളം കെ.സി.ചന്ദ്രശേഖരൻ, തൃശൂർ കെ.രാധാകൃഷ്ണൻ, കോട്ടയം അബ്ദുൾ റഹിം, ഇടുക്കി രാധിക എന്നിവരും മിൽമ ഷോപ്പി ജനറൽ വിഭാഗം അനിൽകുമാർ., ആപ്കോസ് ഷോപ്പി വിഭാഗം കുറ്റികാട്ട് ആപ്കോസ് എന്നിവരും അർഹരായി. കൂടാതെ വിവിധസംഘങ്ങൾക്കുള്ള പ്രോത്സാഹന അവാർഡുകളും നൽകും.

## കൊച്ചിയിലേക്ക് എംഎഫ് ദീദിയുമായി ദി വെൽത്ത് മ്യൂച്ചൽ ഫണ്ട്

**കൊച്ചി:** ദി വെൽത്ത് മ്യൂച്ചൽ ഫണ്ട് തങ്ങളുടെ മുൻനിര സംരംഭമായ എംഎഫ് ദീദിയുമായി കൊച്ചിയിലേക്കും എത്തുന്നു.

മ്യൂച്ചൽ ഫണ്ട് വിതരണക്കാർ ആകുന്നതിനായി രാജ്യത്തെ നഗരങ്ങളിലെ സ്ത്രീകളെ പരിശീലിപ്പിച്ച്, സർട്ടിഫൈ ചെയ്ത്, ശാക്തീകരിക്കുന്നതിനായി വെൽത്ത് കമ്പനി മ്യൂച്ചൽ ഫണ്ട് രൂപകൽപന ചെയ്ത രാജ്യത്തിലെ ആദ്യത്തെ സംരംഭമാണ് എംഎഫ് ദീദി (മ്യൂചാൽ ഫണ്ട് ഡിസ്ട്രിബ്യൂട്ടർ ഇൻ ദേശി ഇന്ത്യ). വനിതകൾക്ക് സാമ്പത്തിക സാക്ഷരത, നിക്ഷേപക അവബോധ നൈപുണ്യങ്ങൾ എന്നിവ നൽകി അവരെ സമൂഹത്തിലെ സമ്പത്ത് സൃഷ്ടിയുടെ അംബാസിഡർമാരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ദി വെൽത്ത് കമ്പനി മ്യൂച്ചൽ ഫണ്ട് സ്ഥാപകയും എംഡിയും സിഇഒയുമായ മധു ലുണാവത്ത് പറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, കേരളത്തിലെ മ്യൂച്ചൽ ഫണ്ട് എയുഎം 65,000 കോടി രൂപയിൽ അധികമായി കുതിച്ചുയർന്നു. സംസ്ഥാനത്ത് 42 ലക്ഷത്തിൽ അധികം രജിസ്ട്രേഡ് നിക്ഷേപകരുണ്ട്, അതിൽ 33 ശതമാനം പേരും വനിതകളാണ്. അവയെല്ലാം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ആരംഭിച്ചവയുമാണ്.

ഇവയെല്ലാം തങ്ങളുടെ സാമ്പത്തിക യാത്രയുടെ നേതൃത്വം ഏറ്റെടുക്കാൻ കേരളത്തിലെ വനിതകൾ തയ്യാറാണെന്നതിന്റെ തെളിവായാണ് കാണാനാവുക.'എംഎഫ് ദിദി കേവലമൊരു പ്രോഗ്രമല്ല, വനിതകൾക്ക് മാന്യത, സ്വാതന്ത്ര്യം, അവസരം എന്നിവ സൃഷ്ടിക്കാനുള്ള ദൗത്യമാണിതെന്നും മധു ലുണാവത്ത് പറഞ്ഞു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 5000 സ്ത്രീകളെ പരിപാടിയുടെ മുൻനിരയിൽ എത്തിക്കുകയാണ് ലക്ഷ്യം. അഹമ്മദാബാദ്, ഭുവനേശ്വർ, പട്ന, മുംബൈ, പൂനെ, ഗുവഹാത്തി തുടങ്ങിയ നഗരങ്ങളിലെ വിജയകരമായ പ്രവർത്തനങ്ങൾക്കുശേഷമാണ് കൊച്ചിയെ തങ്ങളുടെ തട്ടകമായി കമ്പനി പരിഗണിക്കുന്നത്.

## മോണ്ടിലീസ് ഇന്ത്യയ്ക്ക് കൊച്ചിയിൽ പുതിയ വെയർഹൗസ് സൗകര്യം ആരംഭിച്ച് ഡിപി വേൾഡ്

**കൊച്ചി:** കേരളത്തിലുടനീളമുള്ള മോണ്ടിലീസ് ഇന്ത്യയുടെ വിതരണ ശൃംഖലയെയും വിതരണ ശേഷിയെയും കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, ഡിപി വേൾഡ് കൊച്ചിയിൽ മോണ്ടിലീസ് ഇന്ത്യ വെയർഹൗസ് സൗകര്യം ഉദ്ഘാടനം ചെയ്തു. ഡിപി വേൾഡ് രൂപകൽപ്പന ചെയ്ത് പ്രവർത്തിപ്പിക്കുന്ന അത്യാധുനിക സൗകര്യത്തിൽ 4,000ത്തിലധികം സംഭരണ തട്ടുകൾ (പാലറ്റ് പൊസിഷനുകൾ) ഉണ്ട്. ഇതിൽ 2,200 എണ്ണം ഡ്രൈ ഗുഡ്സിനായും ബാക്കിയുള്ളവ 18–25 ഡിഗ്രി സെൽഷ്യസിൽ ആംബിയന്റ് സ്റ്റോറേജിനായും ക്രമീകരിച്ചിരിക്കുന്നു. ഏറ്റവും വികസിതമായ അടിസ്ഥാന സൗകര്യങ്ങളും, വെയർഹൗസിംഗ് സേവനങ്ങളും, പ്രാവീണ്യമുള്ള തൊഴിലാളികളുടെ സേവനവും ഒരുമിപ്പിക്കുന്ന ഈ സമഗ്ര വെയർഹൗസ് സംവിധാനം, മോണ്ടിലീസ് ഇന്ത്യയുടെ ഉൽപ്പന്നങ്ങൾ ഏറ്റവും വിശ്വസനീയമായും കാര്യക്ഷമമായും, ഏറ്റവും ഉയർന്ന നിലവാര മാനദണ്ഡങ്ങൾ പാലിച്ചും ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത് ഉറപ്പാക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിതരണ ശൃംഖലകളെ ലളിതമാക്കുകയും ഉപഭോക്താക്കൾക്ക് അവരുടെ വളർച്ചാ സാധ്യത തുറന്നിടുകയും ചെയ്യുന്ന വിപുലമായ ലോജിസ്റ്റിക്സ് സൊല്യൂഷനുകളും ലോകോത്തരമായ ആസ്തികളും നിർമ്മിക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന് ഡിപി വേൾഡ് ഇന്ത്യ സബ് കോണ്ടിനെന്റ് ലോജിസ്റ്റിക്സ് ചീഫ് കൊമേഴ്സ്യൽ ഓഫീസറും ഡിപി വേൾഡ് വക്താവുമായ സുരേഷ് രമണി പറഞ്ഞു.

## എംഎസ്എംഇകളുടെ വികസനത്തിന് പദ്ധതി ആവിഷ്കരിച്ച് സിഡ്ബി

**കൊച്ചി:** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സമഗ്ര വികസനത്തിന് പദ്ധതി ആവിഷ്ക്കരിച്ച് സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി). ഡെവലപ്മെന്റ് ഓഫ് ഇൻഡസ്ട്രി അസോസിയേഷൻസ് (ഡിഐഎ) എന്ന പേരിൽ ആരംഭിച്ച ദേശീയ പദ്ധതിയിലൂടെ രാജ്യത്തെ ചെറുകിട വ്യാപാരങ്ങളെ വിവിധ ക്ലസ്റ്ററുകളായി തരംതിരിച്ച് സാമ്പത്തിക സഹായം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. ഡൽഹിയിൽ നടന്ന ദേശീയ കോൺക്ലേവിൽ കേന്ദ്ര ധനകാര്യ വകുപ്പ് സെക്രട്ടറി എം. നാഗരാജു പദ്ധതി ഉദ്ഘാടനം ചെയ്തു. നൂതന ആശയങ്ങൾ ലോകത്തിനു നൽകാൻ കഴിയുന്ന തരത്തിൽ ആഗോള ഉൽപാദന കേന്ദ്രങ്ങളായി ഇന്ത്യയിലെ ചെറുകിട വ്യവസായം പരിവർത്തനപ്പെടണമെന്ന് നാഗരാജു പറഞ്ഞു. ഈ ക്ലസ്റ്ററുകളെ ആഗോള തലത്തിലേക്ക് ഉയർത്താൻ വ്യവസായ അസോസിയേഷനുകൾക്ക് സാധിക്കണം. ഡെവലപ്മെന്റ് ഓഫ് ഇൻഡസ്ട്രി അസോസിയേഷൻസിലൂടെ ചെറുകിട വ്യവസായങ്ങൾക്ക് സാമ്പത്തിക സുസ്ഥിരതയും ആധുനിക സേവനങ്ങൾ നൽകാനുള്ള ശേഷിയും നേടാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ സിഡ്ബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ മനോജ് മിത്തൽ അധ്യക്ഷത വഹിച്ചു. വ്യാവസായിക വികസന അസോസിയേഷനുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം ലഭിച്ച ആളുകളുടെ സേവനം, മറ്റു സഹായങ്ങൾ എന്നിവ സിഡ്ബിയിലൂടെ ഉറപ്പാക്കും. ഇതിനായി തയ്യാറാക്കിയ കേന്ദ്രീകൃത ഡിജിറ്റൽ പോർട്ടലിലൂടെ അംഗങ്ങൾക്ക് ആശയവിനിമയം, ഗവേഷണം എന്നിവ നടത്താനും സാമ്പത്തികസാങ്കേതിക വിവരങ്ങൾ പങ്കുവെക്കാനുമുള്ള സൗകര്യമൊരുക്കും. വികസന കാര്യത്തിൽ, പത്തു വർഷത്തിനിടെ 44000 യൂണിറ്റുകളായി വളർന്ന കർഷക ഉൽപ്പാദക സംഘടനകളിൽ (എഫ്പിഒ) നിന്ന് വളരെയധികം പഠിക്കാനുണ്ടെന്നും മനോജ് മിത്തൽ പറഞ്ഞു. രാജ്യത്തെ 90 വ്യവസായ അസോസിയേഷനുകളിൽ നിന്നായി എൻജിനീയറിങ്, പ്ലാസ്റ്റിക്, പ്രിന്റിങ്, ടെക്സ്റ്റൈൽ, ഭക്ഷ്യ സംസ്കരണം, ഫർണിച്ചർ, ആഭരണം, ഇലക്ട്രോണിക്സ് മേഖലകളിലെ 125 പ്രതിനിധികൾ പങ്കെടുത്തു. വ്യാവസായിക അസോസിയേഷനുകളെ സാമ്പത്തികമായി സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനുള്ള നൂതന ആശയങ്ങളെക്കുറിച്ച് കോൺക്ലേവിൽ ചർച്ച നടത്തി.

## പാചകവാതക അദാലത്ത് സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലയിലെ ഗാർഹിക പാചകവാതക സിലിണ്ടറുകളുടെ വിതരണം, ഏജൻസികളുടെ പ്രവർത്തനം, ഉപഭോക്താക്കളുടെ പരാതികൾ എന്നിവ അവലോകനം ചെയ്യുന്നതിനായി പാചകവാതക അദാലത്ത് സംഘടിപ്പിച്ചു . ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ പാചകവാതക വിതരണ രംഗത്ത് നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ചയായി.

# കേരള ബാങ്ക് അതിവേഗ വളർച്ചയുടെ പാതയിൽ; വായ്പയിൽ വലിയ വർധനവ്




**കൊച്ചി:** സാധാരണക്കാരുടെ സ്വപ്നങ്ങളുമായി ചേർന്നു നിൽക്കുന്ന ബാങ്കായി കേരള ബാങ്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്ന് കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആധുനിക രീതിയിലുള്ള എല്ലാ സൗകര്യങ്ങളും കേരള ബാങ്ക് ഒരുക്കി നൽകുന്നുണ്ട്. വായ്പ നൽകുന്നതിൽ വലിയ മുന്നേറ്റമാണ് കേരള ബാങ്ക് കൈവരിച്ചിരിക്കുന്നത്. 52,000 കോടി രൂപയാണ് വായ്പയായി നൽകിയത്. ഇതിൽ 27 ശതമാനം കാർഷിക വായ്പയാണ്. ഏകദേശം 14,000 കോടി രൂപ വരും. യഥാർഥ കർഷകന്റെ വായ്പ ഒരു കാരണവശാലും കേരള ബാങ്ക് തടയില്ല. 'കർഷകന്റെ ബാങ്ക് കേരള ബാങ്ക്' എന്നതാണ് മുദ്രാവാക്യമെന്നും ഇവർ പറഞ്ഞു.

എം.എസ്.എം.ഇകൾക്കുള്ള വായ്പയിൽ വലിയ മുന്നേറ്റം കൈവരിക്കാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. 1,06,000 എം.എസ്.എം.ഇകൾക്കാണ് ഇതുവരെ വായ്പ നൽകിയത്. സർക്കാരിന്റെ കണക്കനുസരിച്ച് ഒരു എം.എസ്.എം.ഇ രണ്ട് തൊഴിലവസരങ്ങളാണ് സൃഷ്ടിക്കുന്നത്. പഞ്ചായത്തുകൾ തോറും പ്രോജക്ടുകൾ വരണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഒരോ പഞ്ചായത്തിലും ഒരോ വാർഡിലും അവിടെയുള്ളവർക്ക് തന്നെ ഉപകാരമപ്രദമാകുന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കണം. മേക്ക് ഇൻ ഇന്ത്യ എന്ന പോലെ മേക്ക് ഇൻ കേരള എന്ന നിലപാടിലേക്ക് വരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. സ്വയം പര്യാപ്തമായ പഞ്ചായത്തുകളാണ് ലക്ഷ്യം വെയ്ക്കേണ്ടത്. കൃത്യമായ ലക്ഷ്യത്തോടെയും ഉദ്ദേശത്തോടെയുമുള്ള സംരംഭങ്ങൾക്ക് കേരള ബാങ്ക് വായ്പ നൽകുമെന്നും ഇവർ പറഞ്ഞു.

സ്വർണ്ണപണയത്തിനും കുറഞ്ഞ പലിശനിരക്കാണ് കേരള ബാങ്ക് ഈടാക്കുന്നത്. ഒമ്പതേകാൽ ശതമാനം പലിശ മാത്രമാണ് സ്വർണ്ണ പണയത്തിന് ഈടാക്കുന്നത്. 2024 ആഗസ്റ്റ് മുതൽ 2025 ആഗസ്റ്റ് വരെ വരെയുള്ള കാലയളവിൽ 7831 കോടിയുടെ ബിസിനസ് വളർച്ചയാണ് ബാങ്ക് കൈവരിച്ചിരിക്കുന്നത്. നിക്ഷേപകർക്ക് ഏറ്റവും കൂടുതൽ നിരക്കിൽ പലിശ നൽകുകയെന്നതാണ് സഹകരണ മേഖലയുടെ നയം. കേരള ബാങ്ക് ഇത് കൃത്യമായി പാലിക്കുന്നുണ്ട്. സ്ഥിര നിക്ഷേപത്തിന് 7.60 ശതമാനം പലിശയാണ് കേരള ബാങ്ക് നൽകുന്നത്. മിക്ക ബാങ്കുകളും സാധാരണക്കാർക്ക് ഒരോരോ കാരണം പറഞ്ഞ് വായ്പ നിഷേധിക്കുമ്പോൾ അവർക്ക് പരമാവധി വായ്പ നൽകാനുള്ള ശ്രമങ്ങളാണ് കേരള ബാങ്ക് നടത്തുന്നതെന്നും ഇരുവരും പറഞ്ഞു.

# കേരള ബാങ്ക് ഐ.ടി കോൺക്ലേവ് ഇന്ന് കൊച്ചിയിൽ

**കൊച്ചി:** വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായി സഹകരണ ബാങ്കിംഗ് രംഗം വികസിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ കേരള സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്) സംഘടിപ്പിക്കുന്ന ഐ.ടി കോൺക്ലേവ് 2025 ഇന്ന് കൊച്ചിയിൽ നടക്കും. രാവിലെ 9.30ന് കൊച്ചി ഇടപ്പള്ളി മാരിയറ്റ് ഹോട്ടലിൽ നടക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സഹകരണവകുപ്പ് മന്ത്രി വി. എൻ വാസവൻ അധ്യക്ഷത വഹിക്കും. കേരള ബാങ്കിന്റെ ഐ.ടി സംയോജന പ്രക്രിയ സംബന്ധിച്ച് പുത്തിറക്കുന്ന ഹാൻഡ് ബുക്ക് ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും. കേരള സറ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് കൊച്ചിയിൽ കേരള ബാങ്ക് ആസ്ഥാനത്ത് സ്റ്റാർട്ട് അപ്പ് ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായുള്ള ധാരണാപത്രം ചടങ്ങിൽ മന്ത്രി പി. രാജീവ് പ്രകാശനം ചെയ്യും.

രാജ്യത്തെ സഹകരണ ബാങ്കുകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ സംയോജനം പൂർത്തിയാക്കിയ സ്ഥാപനമെന്ന നിലയിലാണ് കേരള ബാങ്ക് ഇത്തരത്തിൽ സംഗമം സംഘടിപ്പിക്കുന്നത്. സ്വയം സഹായ സംഘങ്ങൾക്കായി നബാർഡ് വഴി ബാങ്ക് തയ്യാറാക്കുന്ന മണിപേഴ്സ് മൊബൈൽ ആപ്പ്, നബാർഡ് ഗ്രാന്റ് പ്രയോജനപ്പെടുത്തി ഇകെ.വൈ.സി വഴിയുള്ള അക്കൗണ്ട് ഓപ്പണിംഗ്, എ.ഇ.പി.എസ് മുഖേനയുള്ള ഫണ്ട് ട്രാൻസ്ഫർ സൗകര്യങ്ങൾ ഉൾപ്പെടുത്തിയ മൈക്രോ എ.ടി.എം മെഷീനുകളുടെ പ്രകാശനം എന്നിവയും കോൺക്ലേവിന്റെ ഭാഗമായി നടക്കും. പ്രമുഖ ഐ.ടി കമ്പനികളായ ഇൻഫോസിസ്, വിപ്രോ, കിയ എ.ഐ, കേരള സ്റ്റാർട്ട് അപ്പ് മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധർ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളെ അധികരിച്ചുള്ള ചർച്ചയും കോൺക്ലേവിന്റെ ഭാഗമായി നടക്കും. കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം.ചാക്കോ, സ്റ്റാർട്ട് അപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, കെ.എസ്.എഫ്.ഇ സി.ഇ.ഒ ഡോ.എസ്.കെ സനിൽ എന്നിവർ പങ്കെടുക്കുന്ന ഇന്ററാക്ടീവ് സെക്ഷനും ഇതോടൊപ്പം നടക്കും. ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ, ഐ.ടി സ്റ്റിയറിംഗ് കമ്മറ്റി ചെയർമാൻ മാണി വിതയത്തിൽ, ചീഫ് ജനറൽ മാനേജർ എ.ആർ രാജേഷ്, ജനറൽ മാനേജർ (ഇൻ ചാർജ്) ഡോ. മായ മുരളി, സി.ബി.എസ് ഹെഡ് അബ്ദുൾ സദ്ദിഖ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# യുവപ്രതിഭകളെ കണ്ടെത്താൻ വിഗാർഡ് ബിഗ് ഐഡിയ 2025

**കൊച്ചി:** യുവ ബിസിനസ്, എൻജിനീയറിങ് പ്രതിഭകളെ കണ്ടെത്തുന്നതിനായി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ദേശീയ തലത്തിൽ വർഷംതോറും സംഘടിപ്പിച്ചുവരുന്ന ബിഗ് ഐഡിയ മത്സരത്തിന്റെ പതിനഞ്ചാം പതിപ്പിന് കൊച്ചി റാഡിസൺ ബ്ലൂവിൽ തുടക്കം. വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി ബിഗ് ഐഡിയ മത്സരം ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ വിവിധ കോളേജുകളിൽ നിന്നായി ലഭിച്ച മൂവായിരത്തോളം അപേക്ഷകളിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി തിരഞ്ഞെടുത്ത 21 ടീമുകൾ വീതം രണ്ടു വിഭാഗങ്ങളിലായിട്ടാണ് മൽസരങ്ങൾ നടക്കുന്നത്. എൻജിനീയറിംഗ്, ഡിസൈൻ വിദ്യാർത്ഥികൾക്കായി ടെക് ഡിസൈൻ മത്സരവും ഉദ്ഘാടനത്തെ തുടർന്ന് അരങ്ങേറി, 26നും 27നും എംബിഎ വിദ്യാർത്ഥികൾക്കായി ബിസിനസ്സ് പ്ലാൻ മത്സരം നടക്കും.

10 ലക്ഷം രൂപ വരെയുള്ള കാഷ് പ്രൈസുകളാണ് മത്സര വിജയികളെ കാത്തിരിക്കുന്നത്. ഇരുവിഭാഗങ്ങളിലുമായി 2 സ്പെഷ്യൽ ജൂറി പുരസ്കാരങ്ങളും ഉണ്ടാവും. കൂടാതെ ഫൈനലിസ്റ്റുകൾക്ക് വിഗാർഡ് ഇൻഡസ്ട്രീസിൽ പ്രീപ്ലേസ്മെന്റ് ഇന്റർവ്യൂ, സമ്മർ ഇന്റേൺഷിപ് അവസരങ്ങളും ലഭിക്കും.

